സ്വർണ്ണജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന പദ്ധതി

132 [2742] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുവാനാരംഭിച്ചത് എന്നുമുതൽക്കാണ്;

(ബി) ഈ പദ്ധതി പ്രകാരം ഓരോ വർഷവും ലഭിച്ച കേന്ദ്ര സഹായം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയിൽ ഗുണഭോക്താവിന് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്;

(ഡി) ഗുണഭോക്താവിനെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണ്;

(ഇ) സംസ്ഥാനത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിനു ശേഷം ഓരോ ജില്ലയിലും ഓരോ വർഷവും പദ്ധതിയുടെ ആനുകൂല്യം ലഭിച്ചവരുടെ എണ്ണം വിശദമാക്കുമോ?

ഉത്തരം

(എ) 1999-2000 സാമ്പത്തിക വർഷം മുതലാണ് സ്വർണ്ണജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന നടപ്പിലാക്കുവാനാരംഭിച്ചത്.

(ബി) ഈ പദ്ധതി പ്രകാരം ഓരോ വർഷവും ലഭിച്ച കേന്ദ്ര വിഹിതം സംബന്ധിച്ച കണക്കുകൾ ചുവടെ കൊടുത്തിരിക്കുന്നു:

വർഷം	ലഭിച്ച കേന്ദ്രവിഹിതം (രൂപ ലക്ഷത്തിൽ)
1999-2000	2083.35
2000-2001	919.53
2001-2002	1039.64
2002-2003	1266.55
2003-2004	1435.18
2004-2005	1783.56
2005-2006	861.09 (ഒന്നാം ഗഡു)

(സി) സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് വായ്പയും സബ്സിഡിയും ലഭ്യമാക്കുന്നു. കൂടാതെ പരിശീലനം, സ്വയം സഹായ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് സഹായം എന്നിവയും നൽകി വരുന്നു.

(ഡി) ഗുണഭോക്താക്കൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായിരിക്കണം.

(ഇ) ഈ പദ്ധതി നടപ്പിലാക്കിയതിനുശേഷം ഓരോ ജില്ലയിലും ഓരോ വർഷവും വ്യക്തഗതമായും ഗ്രൂപ്പടിസ്ഥാനത്തിലും സഹായം നൽകിയ ഗുണഭോക്താക്കളുടെ എണ്ണം അനുബന്ധമായി കൊടുത്തിരിക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly